**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3744** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സൗജന്യ ലാപ്ടോപ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ ആദിവാസി /പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് വിവിധ അംഗീകൃത കോളേജുകളിൽ B.Tech, M.Tech, MCA, MBBS, MBA, BSc Computer Science, MSc Computer Science, Polytechnic Computer Science, BAMS, BHMS, BDS, BVSc & AH, Msc Electronics, B.Arch, MPhil/PhD എന്നീ കോഴ്സുകൾക്ക് ഒന്നാം വർഷം പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങാൻ ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 25,000/- രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അർഹരായ വിദ്യാർത്ഥികളുടെ പട്ടിക സ്ഥാപന മേധാവിയിൽ നിന്നും ലഭ്യമാക്കി ആയത് പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർമാർ മുഖേന തുക അനുവദിക്കുന്നു. അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് സൗജന്യമായി നൽകി വരുന്നു. സ.ഉ.(സാധാ) നം.783/2018/പജപവവിവ തീയതി 09/07/2018 പ്രകാരം അംഗീകരിച്ച് നൽകിയ 32 കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ